# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>മിച്ചഭൂമി കിട്ടിയവരിൽ നിന്ന് നികുതി പിരിയ്ക്കാത്ത പ്രശ്നം</u>

5711 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ കലക്ടറുടെ 20.12.2000-ലെ ബി2/37001/95, 21.12.2000-ലെ ബി2/58835/2000 നമ്പറുകൾ പ്രകാരം തളിപ്പറമ്പ് താലൂക്കിൽ പെരിന്തട്ട വില്ലേജിൽ എത്ര പേർക്ക് മിച്ചഭൂമിയായി ഏറ്റെടുത്ത സ്ഥലം പതിച്ചു നൽകിയിട്ടുണ്ടെന്ന് ഉത്തരവ് സഹിതം വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമി പതിച്ചു കിട്ടിയവരിൽ നിന്നും എത്ര കാലം ഭൂനികുതി വില്ലേജ് ഓഫീസിൽ സ്വീകരിച്ചിട്ടുണ്ട്;

(സി) മേൽ കാലയളവിനു ശേഷം പതിച്ചു കിട്ടിയവരിൽ നിന്നും നികുതി സ്വീകരിക്കാതിരിക്കുന്നതിന് കാരണം വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളോ മറ്റ് കോടതി നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ പകർപ്പ് സഹിതം ഹാജരാക്കാമോ;

(ഡി) ഭൂമി പതിച്ചു കിട്ടിയവരിൽ നിന്നും നികുതി സ്വീകരിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>തണ്ണീർത്തട സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഡാറ്റാ ബാങ്ക്</u>

5712 ശ്രീ. എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ. ഷംസുദ്ദീൻ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തണ്ണീർത്തട സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലെ കാലതാസം, തണ്ണീർത്തടങ്ങൾ വിവേചനരഹിതമായി നികത്തുന്നതിനുള്ള സൗകര്യമുണ്ടാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡാറ്റാ ബാങ്ക് പ്രവർത്തനം എത്രയുംപെട്ടെന്ന് പൂർത്തിയാക്കി പ്രസിദ്ധീകരിക്കുകയും, നിയമവിരുദ്ധമായി നികത്തിയ തണ്ണീർത്തടങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾക്ക് ആരംഭം കുറിക്കുകയും ചെയ്യുമോ?

## കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

ഡാറ്റാ ബാങ്കിൽ നിന്നും അനധികൃതമായി ഒഴിവാക്കപ്പെട്ട കൃഷിയിടങ്ങൾ

5713 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്കിൽപ്പെട്ട പരിയാരം ഗ്രൂപ്പു വില്ലേജിൽ ഉൾപ്പെടുന്നതും പരിയാരം ഗ്രാമപഞ്ചായത്തിൽപ്പെട്ടതുമായ നെൽകൃഷിയിടങ്ങൾ ഡാറ്റാബാങ്കിൽ നിന്നും വ്യാപകമായി ഒഴിവാക്കപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തി മുഴുവൻ നെൽകൃഷിയിടങ്ങളും ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം ഗ്രാമപഞ്ചായത്തിൽപ്പെടുന്ന ചാലക്കുടിപ്പുഴയോരങ്ങൾ വ്യാപകമായി കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് പരാതികൾ ഉയർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുഴയോരം അളന്നുതിട്ടപ്പെടുത്തി കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കോൾ വികസനത്തിന് ഏറ്റെടുത്ത ഭൂമിക്ക് വിലനൽകാൻ നടപടി</u>

5714 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കോൾ വികസനത്തിനായി കെ. എൽ.ഡി.ബി ഏറ്റെടുത്ത മുഴുവൻ ഭൂമിക്കും വില നൽകിയിട്ടുണ്ടോ; എത്ര ഭൂവുടമകൾക്കാണ് വില നൽകാനുള്ളത്;

(ബി) ഓരോരുത്തർക്കും എത്ര തുക വീതം നൽകാനുണ്ടെന്ന് വിശദമായി അറിയിക്കുമോ; ഈ കണക്ക് എത്ര കാലം മുൻപ് ഉണ്ടാക്കിയതാണ്; ഭൂവില കാലാനുസൃതമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഈ തുക പൂർണ്ണമായും എന്നത്തേക്ക് നൽകാനാകു മെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>റവന്യൂ അദാലത്തുകള്‍</u>

5715 ശ്രീ. റ്റി. എന്‍. പ്രതാപന്‍
'' ബെന്നി ബെഹനാന്‍
'' ഷാഫി പറമ്പില്‍
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പു വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റവന്യൂ അദാലത്തുകള്‍ നടത്താന്‍ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതു മൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങള്‍ക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

## കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

റവന്യൂ വകുപ്പിലെ അപേക്ഷകളും രസീതുകളും ലളിതവൽക്കരിക്കാൻ നടപടി

5716 ശ്രീ. റ്റി. എൻ. പ്രതാപൻ
'' വി. റ്റി. ബൽറാം
'' പി. സി. വിഷ്ണുനാഥ്
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ വിവിധതരം അപേക്ഷകൾ, രസീതുകൾ എന്നിവ ലളിതവത്ക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>വില്ലേജ് തലത്തിൽ റീസർവ്വേ അദാലത്തുകൾ</u>

5717 ശ്രീ. ജോസഫ് വാഴക്കൻ
,, ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ അദാലത്തുകൾ വില്ലേജ് തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) റീസർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി എടുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

പരിസ്ഥിതി സൗഹൃദ റവന്യൂ ഓഫീസുകള്‍

5718 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരിസ്ഥിതി സൗഹൃദ മാതൃകയില്‍ റവന്യൂ ഓഫീസുകളുടെ മന്ദിരങ്ങള്‍ നിര്‍മ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങള്‍ക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>കയ്പമംഗലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

5719 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്ന മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തനമാരംഭിക്കാനുദ്ദേശിക്കുന്ന വകുപ്പുകളുടെ ഓഫീസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>പുതിയ താലൂക്കുകളുടെ പ്രവർത്തനം</u>

5720 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ താലൂക്കുകളുടെ ആവശ്യകത സംബന്ധിച്ചും താലൂക്കുകളുടെ പേരുകൾ സംബന്ധിച്ചും ഓരോ താലൂക്കുകളിലും ഉൾപ്പെടുത്തേണ്ട പ്രദേശങ്ങളെ സംബന്ധിച്ചും താലൂക്കുകളുടെ ആസ്ഥാനം എവിടെയെന്നതു സംബന്ധിച്ചും മുൻകൂട്ടി പഠനം നടത്തിയിരുന്നുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് 2013 ജനുവരിയിലും 2013 ജൂണിലും നിലവിലുള്ള പ്രയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇതിനകം എത്ര താലൂക്ക് ആഫീസുകളുടെ പ്രവർത്തനം ആരംഭിച്ചെന്ന് വെളിപ്പെടുത്താമോ ;

(ഡി) സർക്കാർ പ്രഖ്യാപിച്ച താലൂക്കുകൾ മുഴുവൻ നടപ്പിലായി വരുമ്പോൾ ഇതിനായുള്ള ആവർത്തന-അനാവർത്തന ചെലവുകൾ പ്രതിവർഷം എത്രയാണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>പുതുതായി അനുവദിച്ച താലൂക്കുകളുടെ പ്രവർത്തനം</u>

T5721 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതുതായി അനുവദിച്ച താലൂക്കുകൾ എന്നു മുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നും ഈ താലൂക്കുകളിൽ മറ്റ് വകുപ്പുകളുടെ താലൂക്കുതല ഓഫീസുകൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>കൈവശാവകാശഭൂമിക്ക് പട്ടയം നൽകണമെന്ന ആവശ്യം</u>

5722 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും കൈവശാവകാശഭൂമിക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകളിലാണ് തീരുമാനമെടുക്കാനുള്ളത്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ ജില്ലയിലും എത്ര പേർക്ക് പട്ടയം നൽകുകയുണ്ടായി;

(സി) കണ്ണൂർ ജില്ലയിൽ ഈ കാലയളവിൽ എത്ര പേർക്ക് പട്ടയം നൽകുകയുണ്ടായെന്നുള്ളത് താലൂക്ക് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) കണ്ണൂർ ജില്ലയിൽ പട്ടയം ലഭ്യമാക്കിയവരുടെ വിവരങ്ങളും ഏത് വില്ലേജിലെ ഏതു സർവ്വെ നമ്പരിലാണ് കൈവശാവകാശഭൂമിക്ക് പട്ടയം നൽകിയതെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>കടച്ചിക്കുന്ന് പ്രദേശവാസികളുടെ ഭൂമിക്ക് നികുതി</u>

5723 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിലെ കടച്ചിക്കുന്ന് പ്രദേശവാസികളുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലത്ത് ജോയിന്റ് വേരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രദേശവാസികളുടെ ഭൂമിക്ക് നികുതി സ്വീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 5.07.2013–ലെ മറുപടിക്ക്

<u>സ്കൂൾ കെട്ടിടം തകർന്നു പരിക്കേറ്റ കുട്ടികൾക്ക് ധനസഹായം</u>

5724 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ മാസത്തിലെ കാലവർഷത്തിൽ വൈക്കം താലൂക്കിലെ ചെമ്പ് എസ്.എൻ.എൽ.പി. സ്കൂളിൽ സ്കൂൾ സമയത്ത് മരം വീണ് സ്കൂൾ കെട്ടിടം തകരുകയും നിരവധി കുട്ടികൾക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ എന്തു തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഭവത്തെ തുടർന്ന് സ്ഥലം സന്ദർശിച്ച റവന്യൂ വകുപ്പുമന്ത്രി പരിക്കേറ്റ വിദ്യാർത്ഥികൾക്ക് പ്രഖ്യാപിച്ച 5000 രൂപ വീതമുള്ള ധനസഹായം ഇതുവരെ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കാലവർഷക്കെടുതിയിൽ നശിച്ച സ്കൂൾ കെട്ടിടം പുതുക്കിപ്പണിയുന്നതിന് ധനസഹായം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് വൈക്കം എം.എൽ.എ മന്ത്രിക്ക് നൽകിയ നിവേദനത്തിൽ റവന്യൂ വകുപ്പ് എന്തു നടപടികളാണ് തുടർന്ന് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

കൊട്ടിയം പോലീസ് സ്റ്റേഷൻ പരിധിയിൽ പിടിച്ചിട്ടിരിക്കുന്ന മണൽ ലോറികൾ മാറ്റുന്നതിന് നടപടി

5725 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുണ്ടറ–കൊട്ടിയം റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന കൊട്ടിയം പോലീസ് സ്റ്റേഷൻ പരിധിയിൽ പിടിച്ചിട്ടിരിക്കുന്ന മണൽ ലോറികൾ മാറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ജില്ലാ ഭരണകുടം ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് താലൂക്ക് ഓഫീസിലെ ജോലിഭാരം ലഘൂകരിക്കൽ</u>

5726 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് ഓഫീസിലെ ജോലിഭാരം ലഘൂകരിക്കുന്നതിനായി കുന്ദമംഗലം സബ് താലൂക്കിൽ അഡീഷണൽ തഹസിൽദാരെ നിയമിക്കുന്നത് സംബന്ധിച്ചും, കോഴിക്കോട് താലൂക്ക് മൂന്നായി വിഭജിക്കുന്നത് സംബന്ധിച്ചും ഉള്ള ശുപാർശ കോഴിക്കോട് ജില്ലാ കളക്ടർ ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർക്ക് നൽകിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>രാവിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കുന്ന നടപടി</u>

5727 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മഴയും പ്രകൃതിക്ഷോഭവും മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ ഒരു അധ്യയന ദിവസം രാവിലെ അന്നേ ദിവസം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ച് വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും രക്ഷിതാക്കളേയും ബുദ്ധിമുട്ടിലാക്കുന്ന നടപടി ആവർത്തിക്കാതിരിക്കാൻ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിക്കുന്നതിലെ അപാകത</u>

5728 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏതെങ്കിലും കാരണത്താൽ ഒരു അദ്ധ്യയന ദിവസം രാവിലെ മാത്രം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അന്നത്തേക്ക് അവധി പ്രഖ്യാപിക്കുന്ന ചില ജില്ലാകളക്ടർമാരുടെ നടപടി ആവർത്തിക്കാതിരിക്കാനും, വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടേയും അദ്ധ്യാപകരുടേയും ഇക്കാര്യത്തിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും എന്തു നടപടിയാണ് റവന്യൂ വകുപ്പ് കൈക്കൊള്ളുന്നതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>ചാലിയത്തെ നിർദ്ദേശ് പ്രോജക്ട്</u>

T5729 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ചാലിയത്ത് നിർദ്ദേശ് പ്രോജക്ടിന് എത്ര ഭൂമിയാണ് കൈമാറിയത്;

(ബി) ഈ പദ്ധതിക്ക് കൂടുതൽ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിർദ്ദേശ് പദ്ധതിക്ക് ചുറ്റുമുള്ള കുടുംബങ്ങൾക്കായി നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ അടങ്ങുന്ന പാക്കേജ് സംബന്ധിച്ച് കോഴിക്കോട് ജില്ലാ കലക്ടർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ, പ്രസ്തുത പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ, എത്രയും വേഗം അംഗീകാരം നൽകുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

## മുറിച്ചു വിറ്റ തോട്ടങ്ങൾ

5730 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ എത്ര തോട്ടങ്ങൾ മുറിച്ചുവിറ്റിട്ടുണ്ട്; അവയുടെ പേരും വിറ്റ വിസ്തീർണ്ണവും വിശദമാക്കുമോ; ഇവർക്ക് പോക്കുവരവ് ചെയ്തു കൊടുത്തിട്ടുണ്ടോ ;

(ബി) ഇപ്രകാരം മുറിച്ചു വിറ്റ ഭൂമിക്ക് പോക്കുവരവ് ചെയ്തു കൊടുക്കുന്നതിനെ സ്റ്റേറ്റ് ലാൻഡ് ബോർഡോ റവന്യൂ സെക്രട്ടറിയോ അതാത് ജില്ലാ കളക്ടർമാരോ എതിർത്തിട്ടുണ്ടോ ; അവരുടെ എതിർപ്പിന് കാരണമെന്തായിരുന്നു ;

(സി) പോക്കുവരവ് ചെയ്തു കൊടുക്കുന്നതിന് മുമ്പ് ജില്ലാ കളക്ടർമാരുടെ അഭിപ്രായം സർക്കാർ ആരാഞ്ഞിരുന്നോ ; എന്തായിരുന്നു അവരുടെ അഭിപ്രായമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>മാടായി, മാട്ടൂര്‍, ചൂട്ടാട് തീരപ്രദേശങ്ങളിലെ അനധികൃത മണലെടുപ്പ്</u>

5731 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂര്‍, ചൂട്ടാട് തീരപ്രദേശങ്ങളില്‍ അനധികൃതമായി മണലെടുക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ഇത് തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അനധികൃതമായി മണലെടുക്കുന്നത് കാരണം കടല്‍ഭിത്തിക്ക് ബലക്ഷയം സംഭവിക്കുകയും കടല്‍ഭിത്തി കാലവര്‍ഷത്തില്‍ തകരുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

## ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം

5732 ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലമുള്ള കുടിവെള്ള ക്ഷാമം നേരിടാൻ വൈക്കം താലൂക്ക് പരിധിയിലുള്ള പഞ്ചായത്തുകളിൽ എന്നു മുതലാണ് ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം ആരംഭിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ടാങ്കർ ലോറികളിലെ കുടിവെള്ള വിതരണം എന്നു വരെയാണ് തുടർന്നതെന്നും ഇതിനായി ഓരോ പഞ്ചായത്ത് പ്രദേശങ്ങളിലും എത്ര വാഹനങ്ങൾ വീതമാണ് ഏർപ്പെടുത്തിയിരുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഓരോ പഞ്ചായത്തിലും എത്ര ലിറ്റർ വെള്ളം വീതമാണ് വിതരണം നടത്തിയതെന്നും ഇതിനായി ഓരോ പഞ്ചായത്തിലും എത്ര രൂപ വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

റിവർമാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം

5733 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ്കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം സംസ്ഥാനത്ത് റിവർമാനേജ്മെന്റ് ഫണ്ട് ചെലവഴിക്കപ്പെടാതിരിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; പ്രസ്തുത ഫണ്ട് ഏറ്റവും കുറവു ചെലവഴിച്ചിട്ടുള്ള ജില്ല ഏതാണ് ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ് ഫണ്ട്</u>

5734 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നാളിതു വരെ എത്ര തുകയാണ് ലഭിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിലെ വിവിധ നദികളിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; പദ്ധതിയുടെ പേരും തുകയും, ജില്ലാതല സമിതി ഈ പ്രവൃത്തി എന്നാണ് സംസ്ഥാനതല സമിതിക്ക് അംഗീകാരത്തിനായി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതൊക്കെ പ്രോജക്ടുകൾക്കാണ് സംസ്ഥാനതല സമിതി അംഗീകാരം നൽകിയിട്ടുള്ളത്; ബാക്കിയുള്ളവയുടെ അംഗീകാരം നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ പ്രോജക്ടുകൾക്ക് അംഗീകാരം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>നെല്‍വയല്‍ തണ്ണീര്‍തട സംരക്ഷണ നിയമം</u>

5735 ശ്രീ.ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെല്‍വയല്‍ തണ്ണീര്‍തട സംരക്ഷണ നിയമത്തിന്റെ ഭരണച്ചുമതല ഏത് വകുപ്പിനാണ്;

(ബി) പ്രസ്തുത നിയമത്തിന്റെ അന്തസ്സത്തയ്ക്ക് നിരക്കാത്ത തരത്തില്‍ മറ്റു വകുപ്പുകള്‍ ഉത്തരവ് പുറപ്പെടുവിക്കുകയോ, നടപടികള്‍ സ്വീകരിക്കുകയോ ചെയ്യുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇത് തടയുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 5.07.2013–ലെ മറുപടിക്ക്

ഹാരിസൺ കമ്പനിയുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നിയമതടസ്സം

5736 ശ്രീ.ബി.സത്യൻ
,, പുരുഷൻ കടലുണ്ടി
,, കെ.കുഞ്ഞിരാമൻ (ഉദുമ)
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഓർഡിനൻസ് ഇറക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ–നിയമ വകുപ്പുകൾ തമ്മിൽ തർക്കമുള്ളതായിട്ടറിയാമോ;

(ബി) നിയമ വകുപ്പിൽ നിന്ന് ഏത് തരത്തിലുള്ള ഉപദേശമാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള നിയമപ്രകാരം ഭൂമി ഏറ്റെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടോ;

(ഡി) പാട്ടക്കാലാവധി കഴിഞ്ഞ് അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകേണ്ടതുണ്ടോ?

**കേരള നിയമസഭ**
**5.07.2013-ലെ മറുപടിക്ക്**

<u>'കലവറ' മുഖേന മണൽ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

5737 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആസ്ഥാനങ്ങളിലുള്ള 'കലവറ' മുഖേന മണൽ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) 'കലവറ' മുഖേന ഓരോ ജില്ലയിലും എത്ര പേർക്ക് മണൽ വിതരണം ചെയ്തിട്ടുണ്ടെന്നും, ഇനിയും എത്ര പേർ അപേക്ഷ നൽകി കാത്തിരിക്കുന്നുണ്ടെന്നും വിശദമാക്കുമോ;

(സി) പിടിച്ചെടുത്ത മണൽ പോലീസ് സ്റ്റേഷനുകളിലും മറ്റു ഓഫീസുകളിലും കെട്ടിക്കിടക്കുന്നത് വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങളാണ് സ്വീകരിക്കുന്നത്;

(ഡി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന മണൽ പാസ് മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നവർക്കെതിരെ നടപടി</u>

5738

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരോധനം നിലവിലുണ്ടായിരുന്നിട്ടും നെൽവയലുകളും തണ്ണീർത്തടങ്ങളും വൻതോതിൽ നികത്തുന്നുണ്ട് എന്നത് ഗൗരവപൂർവ്വം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം അനുമതി കൂടാതെ നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വില്ലേജ് ഓഫീസ് അടിസ്ഥാനത്തിൽ പരിശോധന നടത്തി ക്രമക്കേട് നടത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി<br>വിനിയോഗിക്കുന്നതിന് മാനദണ്ഡങ്ങൾ</u>

5739 ശ്രീ. എ. റ്റി. ജോർജ്
'' അൻവർ സാദത്ത്
'' കെ. മുരളീധരൻ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിന് മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) ധനസഹായം ലഭിക്കുന്നതിനുള്ള പരാമാവധി വാർഷിക വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരപരിധി സംബന്ധിച്ച വിവരങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>കുണ്ടുതോട് കുളപ്പാട് തൂക്കുപാലം</u>

5740 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിലെ കുണ്ടുതോട് - കൊളപ്പാട് എന്ന സ്ഥലത്ത് ചാലിയാറിന് കുറുകെ ഒരു തൂക്കുപാലം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>ദുരന്തനിവാരണ സമിതി</u>

5741 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, ജി. സുധാകരന്‍
,, എളമരം കരീം
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ദുരന്തനിവാരണ സമിതി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും കഴിഞ്ഞ 3 മാസത്തിനുള്ളില്‍ എത്ര തവണ യോഗം ചേര്‍ന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സമിതിയുടെ സംസ്ഥാന ജില്ലാ അദ്ധ്യക്ഷന്മാര്‍ ആരാണ് ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>വരൾച്ചാ കെടുതി</u>

5742

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വരൾച്ചാകെടുതികൾക്കായി കേന്ദ്ര ധനസഹായമായി ലഭിച്ച തുക ഏതെല്ലാം ആവശ്യങ്ങൾക്കായാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) ഓരോ ജില്ലയ്ക്കും എത്ര തുക വീതമാണ് വരൾച്ചാകെടുതി ധനസഹായം നൽകിയത് എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതിക്ക് കേന്ദ്രസഹായം</u>

5743 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലത്തെ കാലവർഷക്കെടുതിയുടെ വ്യാപ്തി കണക്കാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയുടെ നഷ്ടമാണ് 2013 ജൂൺ 20 വരെ കണക്കാക്കപ്പെട്ടിട്ടുള്ളത്; എത്ര കോടി രൂപയ്ക്കുള്ള കേന്ദ്ര സഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ബി) കഴിഞ്ഞ വർഷം ഇത്തരത്തിൽ എന്തെങ്കിലും കേന്ദ്ര സഹായം ലഭിച്ചുവോ; വിശദവിവരം നൽകുമോ; എപ്രകാരം ഇത് വിനിയോഗിച്ചുവെന്ന വിവരം നൽകുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കാലവര്‍ഷക്കെടുതി</u>

5744 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാലവര്‍ഷക്കെടുതിയില്‍ സംസ്ഥാനത്ത് കഷ്ടത അനുവഭിക്കുന്നവരെ സഹായിക്കാന്‍ എന്ത് നടപടികള്‍ സ്വീകരിച്ചു; വിശദമാക്കുമോ ;

(ബി) എത്ര കുടുംബങ്ങളെ നിലവില്‍ മാറ്റി പാര്‍പ്പിച്ചിട്ടുണ്ട് ;

(സി) എത്ര രൂപയുടെ കെടുതി സംസ്ഥാനത്തിതുവരെ വന്നിട്ടുണ്ട് ;

(ഡി) ഇതിനായി എന്ത് തുകയുടെ കേന്ദ്രസഹായം ലഭ്യമാക്കാന്‍ സംസ്ഥാന സര്‍ക്കാര്‍ ആവശ്യപ്പെട്ടിട്ടുണ്ട് ;

(ഇ) സംസ്ഥാന സര്‍ക്കാര്‍ ഇതിനായി എന്ത് തുക അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) കാലവര്‍ഷക്കെടുതിയില്‍ പൂര്‍ണ്ണമായും വീട് നഷ്ടപ്പെട്ട കുടുംബങ്ങള്‍ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ജി) ഇത്തരം കുടുംബങ്ങള്‍ക്ക് വീട് വയ്ക്കാനുള്ള സഹായം എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ;

(എച്ച്) കാലവര്‍ഷക്കെടുതിയില്‍ ഇതേവരെ സംസ്ഥാനത്ത് എത്ര പേര്‍ മരണപ്പെട്ടു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതിയിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക്</u>

5745 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ സംസ്ഥാനത്ത് എത്രപേർ മരണമടഞ്ഞിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതുവരെ എത്ര രൂപയുടെ നാശനഷ്ടം സംഭവിച്ചു എന്നാണ് കണക്കാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ദുരിതത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കും, വീട്, കൃഷി, വളർത്തുമൃഗങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയ്ക്കും എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) കാലവർഷക്കെടുതി മൂലമുള്ള നാശനഷ്ടങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; സഹായധനം അനുവദിച്ചിട്ടുണ്ടോ;

(എഫ്) കേന്ദ്രസംഘം കേരളം സന്ദർശിക്കുമെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് സന്ദർശിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>കാലവര്‍ഷത്തില്‍ കൊയിലാണ്ടിയിലെ നാശനഷ്ടം</u>

5746 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ വര്‍ഷത്തെ കാലവര്‍ഷത്തില്‍ കൊയിലാണ്ടി മണ്ഡലത്തില്‍ തീരപ്രദേശത്തും മറ്റ് പ്രദേശങ്ങളിലും വലിയ തോതില്‍ നാശനഷ്ടമുണ്ടായത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ധാരാളം വീടുകളില്‍ വെള്ളം കയറിയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതിനെ സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(സി) നാശനഷ്ടത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് സ്ഥലം എം.എല്‍.എ യില്‍ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) നിവേദനം പരിഗണിച്ച് ദുരിതബാധിതര്‍ക്ക് സഹായം എത്തിക്കാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>കാലവര്‍ഷക്കെടുതി മുലമുണ്ടാകുന്ന നാശനഷ്ടങ്ങള്‍ക്ക് ധനസഹായം</u>

5747 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാലവര്‍ഷക്കെടുതി മൂലമുണ്ടാകുന്ന നാശനഷ്ടങ്ങള്‍ക്ക് ധനസഹായം നല്‍കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങള്‍ വിശദമാക്കുമോ;

(ബി) നഷ്ടപരിഹാരതുക കാലോചിതമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) നഷ്ടപരിഹാരം വൈകാതെ നല്‍കുന്നതിന് ക്രമീകരണങ്ങള്‍ ഏര്‍പ്പെടുത്തുമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

കാലവർഷത്തിൽ ആറ്റിങ്ങൽ മണ്ഡലത്തിലെ നാശനഷ്ടങ്ങൾ

5748 ശ്രീ.ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ കാലവർഷത്തിൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നുവെന്നും ആരുടേതൊക്കെയാണ് വീടുകളെന്നും ഇവർക്ക് എന്തെല്ലാം സഹായം ലഭ്യമാക്കിയെന്നും വിശദമാക്കുമോ;

(ബി) ഈ കാലവർഷക്കെടുതിയിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചുവെന്നും, ഇവരാരെല്ലാമാണെന്നും മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തെല്ലാം സഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കാലവർഷത്തിൽ കുട്ടനാട്ടിൽ തകർന്ന വീടുകളുടെ ലിസ്റ്റ്</u>

5749 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിൽ കുട്ടനാട്ടിൽ പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ ലിസ്റ്റ് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കുട്ടനാട്ടിൽ എത്ര തുക ഏതെല്ലാം പ്രവർത്തികൾക്ക് അനുവദിച്ചുവെന്ന് വിശദമാക്കുമോ;

(സി) കുട്ടനാട്ടിലെ ദുരിതാശ്വാസ പ്രവൃത്തികൾക്കുവേണ്ടി സ്പെഷ്യൽ പാക്കേജായി തുക അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി</u>

5750 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് 2012-13 വർഷത്തിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ആയതിൽ മലപ്പുറം ജില്ലയിൽ ഓരോ മണ്ഡലത്തിനും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പുസാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ ഇതു വരെ അനുവദിച്ച തുക എത്രയാണെന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 5.07.2013-ലെ മറുപടിക്ക്

<u>കയർ കേരള അന്താരാഷ്ട്ര പ്രദർശന വിൽപന മേള</u>

5751 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കയർ കേരള അന്താരാഷ്ട്ര പ്രദർശന വിൽപന മേള സംഘടിപ്പിക്കുകയുണ്ടായോ; വിശദമാക്കുമോ;

(ബി) ഈ മേളയിൽ എത്ര രാജ്യങ്ങളിൽ നിന്നായി എത്ര പ്രതിനിധികൾ പങ്കെടുത്തു;

(സി) കയറിന്റെ കയറ്റുമതി ഓഡറിലും കയർ തൊഴിലാളികളുടെ പങ്കാളിത്തത്തിലും ഈ മേളവഴി എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) തൊഴിലാളികളുമായി നേരിട്ടുള്ള സംവാദത്തിലൂടെ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹാരം കാണുവാനും ഈ മേള എത്രമാത്രം സഹായിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

<u>കയർ മേഖലയെ ആധുനികവൽക്കരിക്കാൻ കർമ്മ പരിപാടി</u>

5752 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' ഹൈബി ഈഡൻ
'' പി. എ. മാധവൻ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഈ മേഖലയെ ശക്തിപ്പെടുത്താനും യുവതലമുറയെ കൂടുതൽ ആകർഷിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണത്തിന് പ്രാധാന്യം നൽകുമോ;

(ഡി) യന്ത്രവൽക്കരണം നടപ്പാക്കുമ്പോൾ തൊഴിലവസരങ്ങൾ നഷ്ടപ്പെടാതെയുള്ള പരിഷ്ക്കരണത്തിന് ഊന്നൽ നൽകുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

കയർ പിരിയന്ത്രം നിർമ്മിക്കാൻ പദ്ധതി

5753 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.സി.ആർ.എം.ഐ.യിൽ പുതിയ കയർ പിരിയന്ത്രം നിർമ്മിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ഈ ആവശ്യത്തിന് എത്ര രൂപ കൺസൾട്ടൻസി ചാർജായി ചെലവഴിച്ചു; ഇതിന്റെ ഇതുവരെയുള്ള ചെലവ് എത്രയെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 5.07.2013–ലെ മറുപടിക്ക്

<u>മിനി ഡിഫൈബറിംഗ് മെഷീൻ</u>

5754

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. സി. ആർ. എം. ഐ. വികസിപ്പിച്ച മിനി ഡീഫൈബറിംഗ് മെഷീൻ എത്ര എണ്ണം വിതരണം ചെയ്തു;

(ബി) അവ എവിടെയൊക്കെ സ്ഥാപിച്ചു എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഓരോ യൂണിറ്റിനും എത്ര മെഷീൻ വീതം എന്ന് വിതരണം ചെയ്തുവെന്നും, അവ ഉപയോഗിച്ച് ഓരോ യൂണിറ്റും ഉല്പാദിപ്പിച്ച ചകിരിയുടെ അളവും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

**കയർ വകുപ്പിന്റെ ഉടമസ്ഥതയിൽ വൈപ്പിൻ മണ്ഡലത്തിലുള്ള ഭൂമി**

5755 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പിന്റെ ഉടമസ്ഥതയിൽ വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ എത്ര വീതം ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭൂമി നിലവിൽ എന്ത് ആവശ്യത്തിന് ഉപയോഗിക്കുന്നുവെന്നും നിലവിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ എന്താണെന്നും വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

ഹാരിസൺ ഭൂമിതട്ടിപ്പിനെ സംബന്ധിച്ച് സമഗ്ര അന്വേഷണം

5756 ശ്രീ. പി. കെ. ഗുരുദാസൻ
,, എം. ഹംസ
,, വി. ചെന്താമരാക്ഷൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻസിന്റെ കൈവശമുള്ള ഭൂമി സംബന്ധിച്ച റവന്യൂ വകുപ്പിന്റെ ആധികാരിക രേഖകൾ വ്യാജമാകാൻ ഇടയായ സാഹചര്യം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) പത്തനാപുരത്ത് ഹാരിസൺ കമ്പനിക്ക് വ്യാജമായ സർവ്വെ നമ്പരുകൾ ഉണ്ടാകാനിടയായത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; എന്താണ് കണ്ടെത്തലുകൾ ;

(സി) സംസ്ഥാനത്ത് ഹാരിസൺ കമ്പനിയുമായി ബന്ധപ്പെട്ട ഭൂമി തിരിമറിയും വ്യാജരേഖ ചമയ്ക്കലും സംബന്ധിച്ച് സമഗ്ര അന്വേഷണത്തിന് തയ്യാറാകുമോ ?

# കേരള നിയമസഭ
## 5.07.2013-ലെ മറുപടിക്ക്

ഫോം മാറ്റിംഗ്സ് എം.ഡി.യ്ക്കെതിരെ അഴിമതിയാരോപണം

5757 ശ്രീ. ജി. സുധാകരൻ
'' എ. എം. ആരിഫ്
'' കെ. ദാസൻ
'' വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഫോം മാറ്റിംഗ്സിനായി മെഷീൻ വാങ്ങിയതുമായി ബന്ധപ്പെട്ട് അഴിമതിയാരോപണം ഉയർന്നിട്ടുള്ളതായി അറിയാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ എം.ഡി.യ്ക്കെതിരായ ആരോപണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇദ്ദേഹം ഇപ്പോൾ ആ പദവിയിൽ തുടരുന്നുണ്ടോ;

(ഡി) ഈ പദവിയിൽ എത്തിയശേഷം അദ്ദേഹം എത്ര വിദേശയാത്രകൾ നടത്തിയിട്ടുണ്ട്; എവിടെയെല്ലാം; യാത്രയുടെ ഉദ്ദേശ്യം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ യാത്രയുടെ ഫലമായി വിദേശരാജ്യങ്ങളിലേക്കുള്ള കയർ കയറ്റുമതിക്ക് ഓർഡർ ലഭിക്കുകയുണ്ടായോ; എങ്കിൽ എത്ര തുകയ്ക്കുള്ള ഓർഡറാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 5.07.2013–ലെ മറുപടിക്ക്

<u>വല്ലാർപാടം –പനമ്പുക്ക് ഫിഷറീസ് സ്കൂൾ</u>

5758 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം വില്ലേജ് ഓഫീസിന്റെ പരിധിയിൽ വരുന്ന റവന്യൂ പുറമ്പോക്ക് ഭൂമി ഫിഷറീസ് സ്കൂൾ നിർമ്മിക്കുന്നതിനായി പതിച്ചു നൽകുന്നതിനും അതുവഴി ഈ സ്കൂൾ നിലനിറുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത രീതിയിൽ ഭൂമി പതിച്ചു നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ; ഇക്കാര്യത്തിലെ നിലപാട് വ്യക്തമാക്കുമോ?